# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 19.01.2026

## ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ പരിശോധന: 3.64 ലക്ഷം രൂപ പിഴ ഈടാക്കി

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനത്തെ ഹോട്ടലുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ ജനുവരി ഒന്ന് മുതൽ നടത്തിയ പരിശോധനയിൽ വിവിധ കേസുകളിലായി 3,64,000 ലക്ഷം രൂപ പിഴ ഈടാക്കി. അമിത വില ഈടാക്കൽ, തൂക്കത്തിൽ കുറച്ച് വിൽപന, പരമാവധി വിലയേക്കാൾ അധികം രൂപയ്ക്ക് വിൽപന, മായം ചേർന്ന ജ്യൂസ് വിൽപന, അനുവദിച്ചതും അധികം ഗ്യാസ് സിലിണ്ടർ സൂക്ഷിച്ചത്, കേടായ ഭക്ഷണ സാധനങ്ങളുടെ വിൽപന, ഹെൽത്ത് കാർഡ് ഇല്ലാത്ത ജീവനക്കാർ, പഴകിയ ഭക്ഷണസാധനങ്ങളുടെ വിൽപന, അളവ് തൂക്ക് ഉപകരണം യഥാസമയം പുനപരിശോധന നടത്തി മുദ്ര ചെയ്യാതെ ഉപയോഗിച്ചത് തുടങ്ങിയ നിയമലംഘനങ്ങൾ നടത്തിയ സ്ഥാപനങ്ങളിൽ നിന്നാണ് പിഴ ഈടാക്കിയത്.

സന്നിധാനം ഡ്യൂട്ടി മജിസ്ടേറ്റ് കെ ആർ മനോജ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് രത്നേഷ് എന്നിവർ കഴിഞ്ഞ 10 ദിവസത്തെ പരിശോധനയ്ക്ക് നേതൃത്വം നൽകി. അഞ്ച് പേർ വീതമുള്ള മൂന്ന് സ്ക്വാഡുകളായിട്ടായിരുന്നു പരിശോധന. ശുചീകരണ പ്രവർത്തനങ്ങളുടെ പരിശോധനയ്ക്കായി 17 പേരുണ്ടായിരുന്നു. ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി,

സപ്ലൈകോ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ഉദ്യോഗസ്ഥർ 24 മണിക്കൂറും സ്ക്വാഡിലുണ്ട്.

**ഭക്തർക്ക് പ്രതിരോധ മരുന്നേകി സന്നിധാനത്തെ ഹോമിയോ ആശുപത്രി**

ശബരിമലയിലെത്തുന്ന ഭക്തർക്ക് ആശ്വാസവും രോഗ പ്രതിരോധശക്തിയും നൽകി സന്നിധാനത്തെ ഹോമിയോ ആശുപത്രി. മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് 4412 അയ്യപ്പഭക്തർക്ക് ചിക്കൻപോക്സ്, ചെങ്കണ്ണ്, മുണ്ടിനീര് അസുഖം തടയുന്നതിനുള്ള പ്രതിരോധമരുന്ന് നൽകി. 2025 നവംബർ 16 മുതൽ 2540 ഭക്തരാണ് ചികിത്സയ്ക്കെത്തിയത്.  സൗജന്യമായി ഒരു ലക്ഷത്തിലധികം രൂപയുടെ മരുന്ന് വിതരണം ചെയ്തു. ശ്വാസകോശ സംബന്ധമായ ബുദ്ധിമുട്ടിനാണ് ഭൂരിഭാഗം തീർത്ഥാടകരും ചികിത്സ തേടിയത്. യാത്രയ്ക്കിടയിലെ ഭക്ഷണക്രമത്തിലെ മാറ്റങ്ങൾ മൂലമുള്ള ഉദരസംബന്ധമായ പ്രശ്നം, പേശീവലിവ് തുടങ്ങിയവയുടെ ചികിത്സയ്ക്കും ഭക്തർ എത്തി.

കഴിഞ്ഞ 10 ദിവസമായി കൊല്ലം തൃക്കരിവ സർക്കാർ ഹോമിയോ ആശുപത്രിയിലെ ഡോ. അതുൽ ബാബുരാജും കൊല്ലം ജില്ലാ ഹോമിയോ ആശുപത്രിയിലെ ഡോ. ഹരിലാലുമാണ് മെഡിക്കൽ ഓഫീസർമാർ.

രണ്ട് ഫാർമസിസ്റ്റുകൾ, രണ്ട് അറ്റൻഡറുമാർ, ഒരു ക്ലീനർ എന്നിവരും സേവനസന്നദ്ധരായി ആശുപത്രിയിലുണ്ട്.

## സൗജന്യമായി വിതരണം ചെയ്തത് 23 ലക്ഷം രൂപയുടെ മരുന്ന്

ശബരിമല തീർഥാടന കാലത്ത് മികച്ച സേവനം നൽകി സന്നിധാനത്തെ അത്യാധുനിക ആരോഗ്യ കേന്ദ്രം. 2025 നവംബർ 17 മുതൽ 2026 ജനുവരി 19 വരെ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത് 96,826 ഭക്തർ. സൗജന്യമായി 23.19 ലക്ഷം രൂപയുടെ മരുന്ന് നൽകിയതായി ചാർജ് മെഡിക്കൽ ഓഫീസർ ഡോ. ജിജോ മാത്യു അറിയിച്ചു.

24 മണിക്കൂറും പ്രവർത്തിച്ച ആശുപത്രിയിൽ എല്ലാവിധ സൗകര്യവും ഉറപ്പാക്കിയിരുന്നു. ഹൃദയസ്തംഭനവുമായി ബന്ധപ്പെട്ട് 50 കേസുകൾ എത്തി. പ്രാഥമിക ചികിത്സ നൽകി സുരക്ഷിതമായി ഇവരെ കോന്നി മെഡിക്കൽ കോളജ്, കോട്ടയം മെഡിക്കൽ കോളജ്, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങിലേക്ക് മാറ്റാനായി. രക്തം കട്ടപിടിക്കുന്നത് തടയുന്ന സ്ട്രെപ്റ്റോകിനെസ് മരുന്നടക്കം ആശുപത്രിയിലുണ്ടായിരുന്നു. വിവിധ അപകടങ്ങളിൽ പെട്ട 19 ഭക്തർ ചികിത്സ തേടി. 12,215 പേർ പനിയുമായി ആശുപത്രിയിൽ എത്തി. ഉദരസംബന്ധമായ അസുഖത്തിന് 9,666, ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് 818, ശ്വാസകോശ അസുഖത്തിന് 7,306 പേരും ചികിത്സ തേടി. 24 മണിക്കൂറും പ്രവർത്തിച്ച ലാബിൽ ഹൃദയാഘാതം തിരിച്ചറിയുന്ന ട്രോപോണിൻ പരിശോധനയടക്കം ചെയ്തു. പാമ്പു കടിയേറ്റാലുള്ള ആന്റി വെനം, റാബിസ് വാക്സിൻ എന്നിവയും സൂക്ഷിച്ചിരുന്നു.

ആരോഗ്യ വിഭാഗത്തിൽ നിന്ന് ഫിസിഷൻ, സർജൻ, ഓർത്തോ, അനസ്തേഷ്യിസ്റ്റ്, പീഡിയാട്രീഷ്യൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് കാർഡിയോളജിസ്റ്റ്,

പൾമണോളജിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പാക്കി. രണ്ട് അസിസ്റ്റന്റ് സർജൻ, ഏഴു സ്റ്റാഫ് നേഴ്സുകൾ, രണ്ട് ലാബ് ടെക്നീഷ്യൻസ്, രണ്ട് എക്സ്റേ ടെക്നീഷ്യൻസ്, ഏഴു ഫാർമസിസ്റ്റുകൾ, 10 പാരാമെഡിക്കൽ ജീവനക്കാർ എന്നിവർ 24 മണിക്കൂറും സേവന സന്നദ്ധരായിരുന്നു.

## ശബരിമല നട ഇന്ന് (ജനുവരി 20) അടയ്ക്കും; രാവിലെ തിരുവാഭരണ മടക്കഘോഷയാത്ര ആരംഭിക്കും

ശബരിമല തീർഥാടനത്തിന് സമാപനം കുറിച്ച് ക്ഷേത്രനട ഇന്ന് (ജനുവരി 20) അടയ്ക്കും. പന്തളം കൊട്ടാരം രാജപ്രതിനിധി പുണർതംനാൾ നാരായണ വർമയുടെ ദർശനത്തിന് ശേഷം രാവിലെ 6:30 ന് നട അടയ്ക്കും.

രാവിലെ അഞ്ചിന് നട തുറക്കും. തുടർന്ന് കിഴക്കേമണ്ഡപത്തിൽ ഗണപതിഹോമം. ഗണപതി ഹോമത്തിന് ശേഷം തിരുവാഭരണ മടക്കഘോഷയാത്ര പന്തളം സ്രാമ്പിക്കൽ കൊട്ടരാത്തിലേക്ക് യാത്ര തിരിക്കും. പെരിയസ്വാമി മരുതുവന ശിവൻകുട്ടിയുടെ നേതൃത്വത്തിൽ 30 അംഗ സംഘമാണ് വന്ന പാതയിലൂടെ തിരുവാഭരണ പേടകുമായി മടങ്ങുന്നത്. ജനുവരി 23 ന് വൈകിട്ട് സംഘം പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെത്തും.

മേൽശാന്തി അയ്യപ്പവിഗ്രഹത്തിൽ വിഭൂതിയഭിഷേകം നടത്തി ഹരിവരാസനം ചൊല്ലി വിളക്കണച്ച് ശ്രീകോവിലിന് പുറത്തിറങ്ങി നടയടയ്ക്കും. താക്കോൽക്കൂട്ടം രാജപ്രതിനിധിക്ക് കൈമാറും.

പതിനെട്ടാം പടിയിറങ്ങി ദേവസ്വം പ്രതിനിധികളുടെയും മേൽശാന്തിയുടെയും സാന്നിധ്യത്തിൽ രാജപ്രതിനിധി

താക്കോൽക്കൂട്ടം ശബരിമല അഡ്മിനിസ്ട്രേറ്റിവ് ഓഫീസർക്ക് നൽകും. മാസപൂജ ചെലവുകൾക്കുള്ള പണക്കിഴിയും സമ്മാനിച്ച് രാജപ്രതിനിധി പന്തളം കൊട്ടാരത്തിലേക്ക് യാത്രയാകുന്നതോടെ ഈ തീർഥാടന കാലത്തിന് സമാപനമാകും.

**ആയുർവേദ ആശുപത്രിയിൽ ചികിത്സ തേടിയത് അരലക്ഷത്തിലധികം ഭക്തർ**

സന്നിധാനം ആയുർവേദ ആശുപത്രിയിൽ തീർഥാടന കാലത്ത് ചികിത്സ തേടിയത് 63,785 ഭക്തർ. പേശീവലിവ്, ശരീരവേദന, ചുമ, തുമ്മൽ, ജലദോഷം, നീർക്കെട്ട് തുടങ്ങിയ അസുഖത്തിനാണ് കൂടുതൽ പേർ ചികിത്സയ്ക്ക് എത്തിയത്. 10,807 പേർക്ക് തിരുമൽ, ലേപനം, ആവി പിടിക്കൽ, നസ്യം തുടങ്ങിയ വിവിധ തെറാപ്പി നൽകി. ഒമ്പത് ഘട്ടങ്ങളിലായാണ് ജീവനക്കാരെ ആശുപത്രിയിൽ ജോലിക്ക് നിയോഗിച്ചത്. ഓരോ ഘട്ടത്തിലും ഏഴു ഡോക്ടർമാർ ഉൾപ്പെടെ 20 പേർ. ജനുവരി 12 മുതൽ കോഴിക്കോട് സ്വദേശി ഡോ. അനിൽ കുമാറാണ് ചാർജ് മെഡിക്കൽ ഓഫീസർ. മൂന്ന് ഫാർമസിസ്റ്റ്, നാല് തെറാപ്പിസ്റ്റ്, മൂന്ന് അറ്റൻഡേഴ്സ്, മൂന്ന് ക്ലീനിങ്ങ് ജീവനക്കാരും കൂടെയുണ്ട്. കഴിഞ്ഞ ദിവസം ചാർജ് മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ 12 ജീവനക്കാർ ചേർന്ന് സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ ഭക്തിഗാനസുധ അവതരിപ്പിച്ചിരുന്നു.

**മാളികപ്പുറം ഗുരുതിയോടെ സമാപനം**

ശബരിമല തീർഥാടനത്തിന് സമാപനം കുറിച്ച് മാളികപ്പുറം മണിമണ്ഡപത്തിന് മുന്നിൽ ഇന്നലെ (ജനുവരി 19) ഗുരുതി നടന്നു. ഹരിവരാസനം ചൊല്ലി സന്നിധാനം നട

അടച്ചശേഷം പന്തളം രാജപ്രതിനിധി പുണർതംനാൾ നാരായണ വർമയുടെ സാന്നിദ്ധ്യത്തിലായിരുന്നു ചടങ്ങ്. മണിമണ്ഡപത്തിന് മുന്നിൽ വാഴപ്പോളയും കുരുത്തോലയും ഉപയോഗിച്ച് 64 കണ്ണങ്ങളുള്ള അഞ്ച് കളം തീർത്ത് നടുവിൽ പന്തം കൊളുത്തി. നിലവിളക്ക്, പൂക്കുല, പൂമാല എന്നിവ കൊണ്ട് അലങ്കരിച്ചു.
സന്ധ്യയ്ക്ക് സന്നിധാനത്തേയ്ക്ക് മടങ്ങിയ രാജപ്രതിനിധി ഹരിവരാസനത്തിന് ശേഷം തിരിച്ചെത്തിയതിന് പിന്നാലെയായിരുന്നു ചടങ്ങ്. മഞ്ഞൾപ്പൊടിയും ചുണ്ണാമ്പും കുഴച്ചുണ്ടാക്കിയ ചുവന്ന നിണം തർപ്പണം ചെയ്ത് കുമ്പളങ്ങ വെട്ടി. പ്രസാദം ഭക്തർക്ക് വിതരണം ചെയ്തു. ഗുരുതിക്ക് മുമ്പായി മാളികപ്പുറം നടഅടച്ച് മേൽശാന്തിയും സന്നിധാനത്തേയ്ക്ക് മടങ്ങിയിരുന്നു. രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ കർമികൾ മണിമണ്ഡപം പൂട്ടി താക്കോൽ ദേവസ്വം അധികൃതർക്ക് കൈമാറി. മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ആറു ദിവസം മാത്രമാണ് മണിമണ്ഡപം തുറന്നത്. റാന്നി കുന്നയ്ക്കാട്ട് കുടുംബക്കാരായ രതീഷ് അയ്യപ്പകുറുപ്പ്, അജിത് ജനാർദന കുറുപ്പ്, ജയകുമാർ ജനാർദനകുറുപ്പ് എന്നിവർ ഗുരുതിക്ക് നേതൃത്വം നൽകി.